**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 630** **10-02-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര കുളത്തൂർ പവർലൂം ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കുളത്തൂർ പവർലൂം ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | ടെക്സ്ഫെഡിന് കീഴിലുള്ള സമഗ്ര യന്ത്രത്തറി സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിൻ കീഴിൽ 2023-24 സാമ്പത്തിക വർഷം നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 15 ലക്ഷം രൂപ സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിലേക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത സൊസൈറ്റിയുടെ ആധുനികവൽക്കരണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതിൽ റിലീസ് ചെയ്യാൻ ബാക്കി നിൽക്കുന്ന തുകയിൽ നിന്നും 12 ലക്ഷം രൂപ, നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികളുടെ ഭാഗമായി ഒരു പുതിയ ഭരണസമിതി നിലവിൽ വരികയുണ്ടായി. സൊസൈറ്റിയുടെ തുടർന്നുള്ള പ്രവർത്തനങ്ങളെ കുറിച്ച് കൈത്തറി ഡയറക്ടറേറ്റ് തലത്തിൽ യോഗം ചേരുകയും സൊസൈറ്റിയുടെ മെയിന്റനൻസ് വർക്കുകളും അതിന്റെ കണക്കുകളും ബില്ലുകളും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷം നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി ഭരണാനുമതി നൽകിയ 15 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | 2020 മുതൽ 2024 വരെ പ്രസ്തുത പവർലൂം തുറന്ന് പ്രവർത്തിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നെയ്യാറ്റിൻകര ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുറന്ന് പ്രവർത്തിക്കുന്നതിന് തുകയൊന്നും അനുവദിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം പ്രസ്തുത സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 15 ലക്ഷം രൂപ സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിലേക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ